മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 10 JULY 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Cover photo: Shutterstock






# ബോധ്യമാവണം ഇത് ചെറിയ കാര്യമല്ല

**സ്കൂ**ളുകൾ സാധാരണനിലയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ട് ഒന്നരമാസത്തോളമായി. രോഗത്തെക്കുറിച്ചുള്ള ഭീതി സ്കൂൾപ്രവർത്തനങ്ങളെ ബാധിച്ചില്ലെന്നത് ആശ്വാസകരമാണ്. സ്കൂൾ തുറന്നശേഷം കൂടുതൽ വിദ്യാർഥികളും അധ്യാപകരും ആകാശപ്പച്ച വായിക്കുകയും അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്യുന്നുണ്ട്. രക്ഷിതാക്കളുടെ അഭിപ്രായങ്ങളും ലഭിക്കുന്നു. തീർച്ചയായും നമ്മുടെ കൊച്ചുകൊച്ചു ചിന്തകൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ കൂട്ടുകാർ ശ്രദ്ധിക്കണം. പ്രകൃതിസംരക്ഷണമെന്നത് ചെറിയ കാര്യമല്ലെന്ന് ബോധ്യപ്പെടാനും ബോധ്യപ്പെടുത്താനുമുള്ള ഒരവസരവും പാഴാക്കരുത്.

എഡിറ്റോറിയൽ

# ആർക്കാണ് കണക്ക് തെറ്റുന്നത്?

**മു**ൻപൊക്കെ ജൂൺ ആദ്യം സ്കൂൾ തുറക്കുമ്പോൾ അതോടൊപ്പം മഴയും തകർത്തുപെയ്യുമായിരുന്നു. അതായത് മഴയ്ക്കൊരു കാലവും നേരവുമൊക്കെ ഉണ്ടായിരുന്നു എന്നർഥം. ഇടവപ്പാതിയും തുലാവർഷ വുമൊക്കെ ഏറെക്കുറെ സമയം തെറ്റാതെ വന്നിരുന്നു. അന്നൊക്കെ മഴയെ നമ്മളും നമ്മളെ മഴയും ബഹുമാ നിച്ചിരുന്നു. ആ പരസ്പരവിശ്വാസം നഷ്ടപ്പെട്ടുപോയോ എന്ന് തീർച്ചയായും ചിന്തിക്കേണ്ട സമയമാണിത്. അടു ത്തകാലത്തായി ജൂണിൽ കാര്യമായ മഴയില്ല, പകരം ജൂ ലായിലാണ് മഴ കനക്കുന്നത്. നമ്മുടെയോ മഴയുടെയോ കണക്കുകൂട്ടലിൽ വ്യത്യാസം വന്നിട്ടുണ്ടെന്ന് ഉറപ്പാണ്. കനത്ത മഴയെ ഭയക്കുന്ന ഒരു കാലത്തിലേക്ക് നമ്മൾ പേ ാകാതിരിക്കേണ്ടത് അത്യാവശ്യമാണ്. അറബിക്കടലിലെ ഉയർന്ന താപനില, പച്ചപ്പിന്റെ വിസ്തൃതിയിലെ അപര്യാ പ്തത, അന്തരീക്ഷമലിനീകരണം ഇവയൊക്കെ കാലാവ സ്ഥാവ്യതിയാനത്തിന് ഇടയാക്കുമെന്ന് തിരിച്ചറിഞ്ഞ് മുൻകരുതൽ സ്വീക രിച്ചില്ലെങ്കിൽ അപകടസ്ഥിതിയി ലേക്ക് നമ്മൾ എത്തിപ്പെടുമെന്ന കാര്യം മറക്കരുത്.



കാട്ടിലെക്കാര്യം

# ആമസോൺ മഴക്കാട്

ഇന്ന് ഭൂമിയിൽ നിലനിൽക്കുന്ന ഏറ്റവും വലിയ കാടാണ് ആമസോൺ കാട്. ഇതുവരെ കണ്ടുപിടിച്ച ആകെ ജീവികളിൽ ഇരുപത്തിയഞ്ച് ശതമാനത്തിൽ കൂടുതലും ആമസോൺ മഴക്കാടുകളിലുള്ളവയാണ്. ഇവിടെ അപൂർവവും അദ്ഭുതകരവുമായ ഒരുപാട് ജീവജാലങ്ങളുണ്ട്. വൈവിധ്യമാർന്ന ആവാസവ്യവസ്ഥാകേന്ദ്രം. ഏറ്റവും കൂടുതൽ ജലം ഒഴുകുന്ന നദി എന്നറിയപ്പെടുന്നത് ആമസോൺ നദിയാണ്. ലോകത്തിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ നദിയാണിത്. മഴക്കാടുകളിലെ ഏറ്റവും വിഷം നിറഞ്ഞ പുഷ്പമാണ് ഏയ്ഞ്ചൽ സ്ട്രംപ്പറ്റ്. ഈ പൂവിന്റെ നീര് മനുഷ്യന്റെ രക്തവുമായി കലർന്നാൽ മനുഷ്യൻ സ്തംഭിച്ചുപോകും. അധികമായാൽ മരണം സംഭവിക്കും. ഈ കാടുകളിലെ മാരകമായ ഒരുതരം ഉറുമ്പാണ് ബുള്ളറ്റ് ആന്റ്. ഏകദേശം മൂന്ന് സെന്റിമീറ്റർ നീളമാണ് ഇവയ്ക്ക്. ഈ ഉറുമ്പിന്റെ കടിയേറ്റാൽ ആ ഭാഗത്ത് ബുള്ളറ്റ് തറച്ചുകയറുന്ന വേദന വരുന്നതിനാലാണ് ഇവയ്ക്ക് ബുള്ളറ്റ് ആന്റ് എന്ന് പേര് വന്നത്. ഇവിടെ അഞ്ഞൂറിലധികം ഗോത്രങ്ങൾ താമസിക്കുന്നുണ്ട്.

സി.എസ്. ഫാത്തിമ, ക്ലാസ് - 7
തൃത്തല്ലൂർ യു.പി. സ്കൂൾ
തൃശ്ശൂർ

കേരളം അറിയാൻ

# മറക്കരുത് വനത്തെ

**വനം നമ്മുടെ സമ്പത്ത്, അത് സംരക്ഷിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വം'**

വികസനത്തിന്റെ മറവിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതും അതുവഴിയുണ്ടാകുന്ന വനനശീകരണവും വളരെ ഗൗരവമായി കാണേണ്ടതാണ്. പണ്ട് നമ്മുടെ നാട്ടിൽ ധാരാളമായി കണ്ടുവന്നിരുന്ന പലതരം പക്ഷികളുടെയും പൂമ്പാറ്റകളുടെയും മൃഗങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുമുണ്ട്. കൂടാതെ ആവാസസ്ഥാനങ്ങൾ നഷ്ടപ്പെട്ട കാട്ടുമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങുന്നതും പതിവ് കാഴ്ചയും വാർത്തയും ആയിരിക്കുന്നു. ഒരുകാലത്ത് കേരളത്തിന് കേട്ടുകേൾവി മാത്രമായിരുന്ന പ്രകൃതിദുരന്തങ്ങൾ ഒരു ശാപംപോലെ നമ്മളെ പിന്തുടരുന്നു. കാലാവസ്ഥാവ്യതിയാനങ്ങളും അന്തരീക്ഷത്തിലെ മാറ്റങ്ങളും കൊണ്ട് ഉണ്ടാകുന്ന സൂര്യാഘാതവും സൂര്യാതപവും മറ്റും കൂടുന്നു. ഇങ്ങനെ തുടർന്നാൽ കേരളം പ്രകൃതിദുരന്തങ്ങളുടെ നാടായിമാറുന്നത് നമ്മൾ കാണേണ്ടിവരും.

“



നിരഞ്ജന മോഹൻദാസ്, ക്ലാസ് 4
റൊഗേഷനിസ്റ്റ് അക്കാദമി സ്കൂൾ
ദേശം, ആലുവ, എറണാകുളം

# നീലഗിരി മരപ്രാവ്

കടുംചാരനിറത്തിലുള്ള ശരീരവും ചുവപ്പുരാശി കലർന്ന തവിട്ടുനിറമുള്ള ചിറകുകളും ഉള്ളവയാണ് നീലഗിരി മരപ്രാവുകൾ. ഇവയുടെ തലയുടെ പുറംഭാഗത്തായി കാണുന്ന കറുപ്പും വെളുപ്പും കലർന്ന തൂവലുകൾ മറ്റ് പ്രാവുകളിൽ നിന്ന് തിരിച്ചറിയാൻ സഹായിക്കുന്നു. ആൺപക്ഷിയുടെ തല ഇളംചാരനിറവും പെൺപക്ഷിയുടെ തല കടുംചാരനിറവുമാണ്. കൊക്കിന്റെ താഴ്ഭാഗവും കാലുകളും ചുവപ്പുനിറമാണ്. പശ്ചിമഘട്ടത്തിലും നീലഗിരി കുന്നുകളിലുമാണിവയെ കണ്ടുവരുന്നത്.

## Nilgiri Wood Pigeon



നന്ദന വിജയ്, ക്ലാസ് 11
ഡി.ബി.എച്ച്.എസ്.എസ്., ചെറിയനാട്
ആലപ്പുഴ

ഈ ഫോട്ടോ കാണാം

# ഇടുക്കി ഡാം



അഭിനവ് അനിൽ, ക്ലാസ് - 9
ദി വില്ലേജ് ഇന്റർനാഷണൽ സ്കൂൾ
കുമാരമംഗലം, ഇടുക്കി

# അസോള കൃഷി

**ശു**ദ്ധജലത്തിൽ വളരുന്ന പന്നൽ വിഭാഗത്തിൽപെടുന്ന ഒരു ചെറുസസ്യമാണ് അസോള. കന്നുകാലികൾക്കുള്ള പോഷകാഹാരം, ജൈവവളം എന്നീ നിലകളിലും ഉപയോഗിക്കാം. അസോളയുടെ സഹജീവിയായി വളരുന്ന നീലഹരിതപായലിന് അന്തരീക്ഷത്തിൽനിന്ന് നൈട്രജൻ ശേഖരിച്ച് മാംസ്യഘടകങ്ങളും നൈട്രജൻ സംയുക്തങ്ങളുമാക്കിമാറ്റുന്നതിനുള്ള കഴിവുണ്ട്. കൃഷി തുടങ്ങി മൂന്നുദിവസത്തിനുള്ളിൽ ഭാരം മൂന്നിരട്ടിയാകും. ഒരാഴ്ചയ്ക്കുള്ളിൽ ഒന്നാംവിളവെടുക്കാം. പറമ്പിലും പാടത്തും നടത്തുന്ന കൃഷികൾക്ക് നല്ല ജൈവവളമായി നേരിട്ടും ബയോഗ്യാസ്, മണ്ണിരകമ്പോസ്റ്റ് എന്നിവയുടെ അസംസ്കൃതവസ്തുവായും അസോള ഉപയോഗിക്കാം.



ബിൻയാമിൻ നിക്കാവോസ്, ക്ലാസ് - 5
സെന്റ് മേരീസ് യു.പി. സ്കൂൾ മഞ്ഞപ്ര
എറണാകുളം

സിനിമാപാട്ടിലെ പ്രകൃതി



# സന്ദേശകാവ്യമേ തേൻമഴ ചൊരിയൂ

> *സിന്ദൂരമേഘമേ ഓ..*
> *സിന്ദൂരമേഘമേ സിന്ദൂരമേഘമേ*
> *സന്ധ്യയാം കാമുകി കാറ്റിൽ പറത്തുന്ന*
> *സന്ദേശകാവ്യമേ ചൊരിയൂ*
> *തേൻമഴ ചൊരിയൂ*

പ്രകൃതിഭംഗിയെ വർണിക്കുന്ന ഗാനങ്ങളിലൊന്നാണിത്. സന്ധ്യാസമയത്തെ, കാമുകിയായിട്ടാണ് കവി കല്പിക്കുന്നത്. ആ കാമുകി കാറ്റിന്റെ കയ്യിൽ കൊടുത്തുവിടുന്ന സന്ദേശ കാവ്യത്തിൽനിന്ന് തേൻമഴ ചൊരിയുവാൻ കവി ആവശ്യപ്പെടുന്നു. കാളിദാസ ഭാവനയെ ഓർമ്മപ്പെടുത്തുന്ന വരികളാണിവ.

സിനിമ: സൂസി
സംഗീതം: ജി. ദേവരാജൻ
രചന: വയലാർ


രാജി വി.
സെന്റ് ഹെലെൻസ് എച്ച്.എസ്.
ലൂർദുപുരം, തിരുവനന്തപുരം

ഇത് അതിശയം തന്നെ



# വീട് ചുമലിൽ

സ്വന്തം വീട് ചുമലിൽ ചുമന്ന് ജീവിതകാലം മുഴുവൻ ജീവിക്കുന്ന, ഒരു കാല് മാത്രമുള്ള ഏക ജീവിയാണ് ഒച്ച് (Snail). ആരെയും അതിശയിപ്പിക്കുന്നതാണ് ഒച്ചിന്റെ യാത്ര. മഴക്കാലങ്ങളിൽ കൂടുതലായി കണ്ടുവരുന്ന ജീവികളാണ് ഒച്ചുകൾ. ഗാസ്ട്രോപോഡ എന്നറിയപ്പെടുന്ന കക്ക വർഗത്തിൽ ഉൾപ്പെടുന്നതും ഈർപ്പമുള്ള ഏത് സാഹചര്യത്തിലും ജീവിക്കുന്നതും അന്തരീക്ഷവായു ശ്വസിക്കുന്നതുമായ വിവിധയിനം മോളസ്കകൾ ‘ഒച്ച്“എന്ന പേരിൽ അറിയപ്പെടുന്നു. കരയിലും ശുദ്ധജലത്തിലും കാണപ്പെടാറുണ്ടെങ്കിലും പ്രധാനമായും ഇവ സമുദ്രജീവികളാണ്. ഒച്ചുകളിൽ പ്രധാനപ്രത്യേകതയാണ് അവയുടെ പുറംതോട് (shell). അവ പല തരത്തിൽ, പല രൂപത്തിൽ, കാണപ്പെടുന്നു. ആവശ്യമെന്ന് തോന്നുമ്പോൾ ശരീരം പൂർണമായി ഇതിനുള്ളിലേക്ക് വലിച്ചുകയറ്റാൻ ഒച്ചിന് കഴിയും. മിക്കവാറും എല്ലാ ഒച്ചുകളിലും തോട് വലത്തേക്ക് പിരിഞ്ഞിട്ടായിരിക്കും കാണപ്പെടുന്നത്. അപൂർവമായി ഇടത്തോട്ട് പിരിഞ്ഞവയും കാണാം. ഒച്ചുകൾക്ക് മുട്ട വിരിയുമ്പോൾതന്നെ പുറംതോടുകളുണ്ടാകും. കാലക്രമേണ ഒച്ചിന്റെ വളർച്ചയ്ക്കനുസരിച്ച് തോടുകളും വളരുന്നുവെന്നത് അതിശയകരമായ കാര്യമാണ്.

കീർത്തന എം., ക്ലാസ് - 7
ജി.എം.യു.പി. സ്കൂൾ പള്ളിക്കര
കാസർകോട്

# സന്ധ്യക്ക് ഭക്ഷണം കഴിക്കരുത്



**പ**ഴമക്കാർ ആവർത്തിച്ച് പറഞ്ഞിരുന്ന ഒരു കാര്യമായിരുന്നു ഇത്. സന്ധ്യാസമയം ഈശ്വരഭജനത്തിനായി മാറ്റിവയ്ക്കേണ്ടതാണെന്നും അതുകൊണ്ടാണ് സന്ധ്യാനേരത്ത് ഭക്ഷണം കഴിക്കരുതെന്ന് പറഞ്ഞിരുന്നതെന്നുമാണ് പൊതുവേ കരുതിപ്പോരുന്നത്. എന്നാൽ അതല്ല വാസ്തവം. ആധുനികകാലത്തെപ്പോലെ വൈദ്യുതവിളക്കുകളില്ലാതിരുന്ന പഴയ കാലത്ത് സന്ധ്യ സമയത്തെ നേരിയ വെളിച്ചത്തിൽ ഭക്ഷണം കഴിച്ചാൽ അപകടമായിരുന്നു. ആഹാരം കഴിക്കുമ്പോൾ വിഷാംശങ്ങളും മാലിന്യങ്ങളും വീഴാനുള്ള സാധ്യത ഇല്ലാതാക്കാനായിരുന്നു ഇങ്ങനെ പറഞ്ഞുപോന്നിരുന്നത്. വിളക്കുതെളിച്ച ശേഷമായിരുന്നു രാത്രിഭക്ഷണം പതിവ്.

നിഷ സുമേഷ് , സീഡ് കോഡിനേറ്റർ
പുതിയങ്ങാടി ജമാ അത്ത്
ഹയർ സെക്കൻഡറി സ്കൂൾ, കണ്ണൂർ

ലോകം എങ്ങനെ



# മിന്നാമിന്നി ഇരുട്ട് തേടുന്നു

രാത്രികാലങ്ങളിൽ അതിസുന്ദരമായ കാഴ്ചയാണ് മിന്നാമിനുങ്ങിന്റെ പ്രകാശം. എന്നാൽ സമീപകാലങ്ങളിൽ നടന്ന പഠനങ്ങൾ, മിന്നാമിന്നികൾ വെളിച്ചമലിനീകരണംമൂലം പ്രതിസന്ധിയിലാണെന്ന് തെളിയിക്കുന്നു. അമിതമായ കൃത്രിമപ്രകാശങ്ങൾ അവയെ വളരെ ദോഷകരമായി ബാധിക്കുന്നു. അന്ധകാരമുള്ള മേഖലകൾ ലോകത്ത് കുറഞ്ഞുവരുന്നത് മിന്നാമിനുങ്ങുകളുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്നു .ഒപ്പംതന്നെ അവയുടെ പ്രജനനവും വളർച്ചയും അവതാളത്തിലാക്കുന്നുമുണ്ട്. സ്വാഭാവിക വെളിച്ചവുമായി താദാത്മ്യം നിലനിർത്തിയാണ് മിന്നാമിന്നികൾ പ്രവർത്തിക്കുന്നത്. പ്രകാശസ്രോതസ്സിലും അളവിലുമൊക്കെയുണ്ടാകുന്ന വ്യതിയാനങ്ങൾ ഇവയെ ബാധിക്കാറുണ്ട്.

മിന്നാമിന്നികൾ തമ്മിൽ ആശയവിനിമയം നടത്താനും ഇണയെ കണ്ടെത്താനുമെല്ലാം തങ്ങളുടെ ശരീരത്തിൽനിന്നുള്ള പ്രകാശം ഉപയോഗിക്കാറുണ്ട്. എന്നാൽ സ്വാഭാവികമല്ലാത്ത, തീവ്രത കൂടിയ പ്രകാശസാന്നിധ്യം ഇവയെ സ്വശരീരത്തിൽനിന്ന് കൂടുതൽ പ്രകാശം ഉത്പാദിപ്പിക്കാൻ നിർബന്ധിതരാക്കുകയും ഇത് ഇവയുടെ ജീവചര്യകളെ ബാധിക്കുകയും ചെയ്യും. അതിനാൽതന്നെ പ്രകാശമലിനീകരണം അവയുടെ വംശനാശത്തിന് കാരണമാകാം.



മീര രാകേഷ്, ക്ലാസ് - 8
കേന്ദ്രീയ വിദ്യാലയ, കാഞ്ഞങ്ങാട്
കാസർകോട്



പൂവറിവ്

# Fuchsia

# ഫ്യൂഷിയ

ഒരു അലങ്കാരസസ്യയിനമാണ് ഫ്യൂഷിയ. രണ്ടായിരത്തിൽപ്പരം ഇനങ്ങൾ ഈ വർഗത്തിൽ കാണപ്പെടുന്നു. മധ്യ അമേരിക്കയും തെക്കേ അമേരിക്കയുമാണ് ജന്മദേശങ്ങൾ.

കുറ്റിച്ചെടിയായ ഈ സസ്യത്തിൽ, ജിമിക്കി കമ്മൽ പോലെ തൂങ്ങിക്കിടക്കുന്ന പൂക്കളുണ്ടാകുന്നു. ബാഹ്യദളങ്ങൾക്കും ദളങ്ങൾക്കും രണ്ട് പ്രത്യേക നിറങ്ങളാണുള്ളത്. വെള്ളയും ചുവപ്പും, മാന്തളിർവർണവും ചുവപ്പും, ഇളംചുവപ്പും ഓറഞ്ച് കലർന്ന കടുംചുവപ്പും തുടങ്ങി പല നിറങ്ങളിൽ ഇവ കാണപ്പെടുന്നു.

ഫ്യൂഷിയയുടെ ഇലകൾ സമ്മുഖമോ മൂന്നോ അഞ്ചോ ചുഴികളുള്ളവയോ ആണ്. തൂക്കിയിട്ടിരിക്കുന്ന ചട്ടികൾ, ട്രഫുകൾ, വലിയ പാത്രങ്ങൾ, ജനൽ അറകൾ എന്നിവിടങ്ങളിൽ വളർത്തുന്നതിന് ഈ ചെടി ഉത്തമമാണ്. തഴച്ചുവളരുന്നതിന് തണുപ്പും ഈർപ്പവും ആവശ്യമാണ്. കുന്നിൻപ്രദേശങ്ങളിലും തണുത്ത കാലാവസ്ഥയുള്ള പ്രദേശങ്ങളിലും ഈ ചെടി നന്നായി വളരുന്നു. മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് പൂക്കുന്നത്.

ദേവനന്ദ് പി. നമ്പ്യാർ
എ.കെ.ജി. എം.എച്ച്.എസ്.എസ്.
പെരളശ്ശേരി, കണ്ണൂർ

വർണച്ചിറക്
കവിത

# പ്രകൃതിയോട്?

പകൽ വെളിച്ചമായി സൂര്യൻ
രാത്രി ചന്ദ്രൻ
തണലായി, വരമായി, നൽമരങ്ങൾ,
ഗ്രീഷ്മവും വർഷവും വസന്തവും
എന്നിട്ടും എന്തിനീ ക്രൂരത
പ്രകൃതിയോട്?

കിളികൾ തൻ മധുര നാദം,
കളകളമൊഴുകുന്ന കിന്നരിപ്പുഴ,
പച്ചപുതച്ച മലനിരകൾ
ഏഴു വർണത്തിൽ മഴവില്ല്
എത്ര മനോഹാരിതകൾ
എന്നിട്ടും എന്തിനീ ക്രൂരത
പ്രകൃതിയോട്?

ഒരു പുഴ, ഇവിടെ ഒഴുകിയിരുന്നു,
ഒരു മല ഇവിടെ നിന്നിരുന്നു,
വൃക്ഷങ്ങൾ ഇവിടെ കുളിരേകിയിരുന്നു.
ഹൃദ്യമാം കാഴ്ചകൾ എങ്ങുപോയി?
എന്തിന് മർത്ത്യാ,
പ്രകൃതിയോടീ ക്രൂരത?



ശ്രേയ കുര്യൻ, ക്ലാസ് - 10
ക്രോസ്റോഡ്സ് എച്ച്.എസ്.എസ്.
പാമ്പാടി, കോട്ടയം



വർണച്ചിറക്

കഥ

# മിന്നാമിനുങ്ങിൻ നുറുങ്ങുവെട്ടം

**വൈ**കുന്നേരം ട്യൂഷൻ ക്ലാസ് കഴിഞ്ഞ് വരുകയായിരുന്നു. തെക്കേതൊടിയിൽ നിൽക്കുന്ന മാവിൽ നിറഞ്ഞുനിൽക്കുന്ന മാമ്പഴത്തിന്റെ കാര്യം പെട്ടെന്ന് ഓർമവന്നു. ഞാൻ മാമ്പഴം ലക്ഷ്യമാക്കി കല്ലുകൾ എറിയാൻതുടങ്ങി. എറിഞ്ഞ കല്ലുകൾ ഉന്നംതെറ്റിയതല്ലാതെ ഒരു മാമ്പഴംപോലും കിട്ടിയില്ല. എന്നു മാത്രമല്ല നേരം ഇരുട്ടിത്തുടങ്ങുകയും ചെയ്തു.

എനിക്ക് ചെറുതായി പേടിതോന്നി. എന്റെ പേടി മനസ്സിലായതുപോലെ ഒരു കൊച്ചു മിന്നാമിനുങ്ങ് വഴികാട്ടിയായി മുന്നിൽ പോകാൻതുടങ്ങി. ഞാൻ അതിന്റെ പിന്നാലെ നടന്നു. വീട് എത്താറായിരിക്കുന്നു. വൈകിയതിന് അമ്മയുടെ ശകാരം ഉറപ്പാണ്. എങ്കിലും മിന്നാമിനുങ്ങ് തന്ന നുറുങ്ങുവെട്ടത്തിന്റെ കാര്യം അമ്മയോട് പറയണം.

പെട്ടെന്നാണ് അത് സംഭവിച്ചത്. മുന്നിലുണ്ടായിരുന്ന ചിലന്തി വലയിൽ പാവം മിന്നാമിനുങ്ങ് കുടുങ്ങി. കണ്ടപ്പോൾ എനിക്ക് സങ്കടമായി. ചിലന്തിയോട് ദേഷ്യവും.

വീട്ടിലെത്തി ഞാൻ അമ്മയോട് ഇക്കാര്യങ്ങളെല്ലാം പറഞ്ഞു. അമ്മ എന്നോട് പറഞ്ഞു, 'മോള് വിഷമിക്കേണ്ട, ഓരോരുത്തർക്കും വിശപ്പിന് വേണ്ട ആഹാരം കണ്ടെത്താൻ ഓരോ മാർഗങ്ങളുണ്ട്. ചിലന്തിക്ക് ആഹാരം ശേഖരിക്കുന്നതിനായി നൽകിയിട്ടുള്ള മാർഗമാണ് വല.' അമ്മ പറഞ്ഞ കാര്യങ്ങൾ എനിക്ക് മനസ്സിലായി. എങ്കിലും എനിക്ക് നുറുങ്ങുവെട്ടം സമ്മാനിച്ച മിന്നാമിനുങ്ങിനെ ഓർത്തപ്പോൾ സങ്കടം തോന്നി.

ആൻഡ്രിയ സെബാസ്റ്റ്യൻ
സെൻറ് പാട്രിക്സ് സ്കൂൾ
വയനാട്

പ്രകൃതിയെ രക്ഷിക്കാം
എന്നതിന് നമുക്ക് ഉറപ്പില്ല;
പക്ഷേ, അതിനായി ശ്രമിക്കാം
എന്നതിന് ഉറപ്പുണ്ട്!

ആകാശപ്പച്ചയിലേക്കുള്ള
രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച



Published by Mathrubhumi Seed